പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 1617 | 04/10/2016 ൽ

മറുപടിക്ക്

കയറുൽപ്പന്നങ്ങളുടെ വിൽപ്പന

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | ഡോ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| എ) | 2015-16 സാമ്പത്തികവർഷത്തിൽ കയറും, കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്യതിലൂടെ എത്ര തുക സംസ്ഥാനത്തിന് ലഭ്യമായി എന്ന് വ്യക്തമാക്കാമോ; | എ) | 2015-16 സാമ്പത്തിക വർഷത്തിൽ കയർഫെഡ് 29.17 ലക്ഷം രൂപയുടെയും, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. 13.05 ലക്ഷം രൂപയുടെയും, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 8.14 കോടി രൂപയുടെയും ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട് |
| ബി) | കയറുൽപ്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | ബി) | വിപണി വർദ്ധിപ്പിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ പ്രദർശന വിൽപ്പന ശാലകൾ ആരംഭിക്കുകയും ഉപഭോക്താവിനെ ആകർഷിക്കുന്നതിനായി മുന്തിയ ഡിസ്ക്കൗണ്ടുകൾ, സമ്മാന പദ്ധതി, ഉൽപ്പന്നങ്ങളോടൊപ്പം കോംപ്ലിമെന്റുകൾ എന്നിവയും ഏജന്റുമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസെന്റീവ് സ്കീമുകൾ, സമ്മാനങ്ങൾ എന്നിവയും ഷോറൂം ജീവനക്കാർക്ക് പ്രത്യേക ഇൻസെന്റീവ് പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. കയർ ഉല്പന്നങ്ങൾക്ക് ഉത്സവകാലത്ത് സർക്കാർ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. സംഘങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ) മാർക്കറ്റ് ഡെവലപ്മെന്റ് അസ്സിസ്റ്റൻസ് (എം.ഡി.എ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ